## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *658

03.04.2018-ൽ മറുപടിയ്ക്ക്.

### ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.എം.വിൻസെന്റ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എത്ര ലക്ഷം ടൺ പാലിന്റെ ഉല്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (എ) നിലവിൽ സംസ്ഥാനത്ത് പ്രതിദിനം ആവശ്യമുള്ളത് 87 ലക്ഷം ലിറ്റർ പാലാണ് എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഏകദേശം 9 ലക്ഷം ലിറ്റർ പാലിന്റെ കുറവാണ് ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ ഉണ്ടായിരുന്നത്. മിൽമയുടെ കണക്ക് പ്രകാരം അന്യസംസ്ഥാനത്തു നിന്നും പ്രതിദിനം 1½ ലക്ഷം ലിറ്റർ പാലാണ് നിലവിൽ കൊണ്ടുവരുന്നത്. നിലവിൽ ഏകദേശം 3 ലക്ഷം ലിറ്റർ പാലിന്റെ പ്രതിദിന കുറവ് കണക്കാക്ക പ്പെട്ടിട്ടുണ്ട്. സ്വയംപര്യാപ്തത നേടുന്നതിന് പ്രതിദിനം 3 ലക്ഷം ലിറ്റർ പാൽ കൂടി അധികമായി ഉല്പാദിപ്പിക്കേണ്ടതുണ്ട്. |
| (ബി) സ്വയംപര്യാപ്തതയ്ക്കായി ലക്ഷ്യമിട്ട പാലുൽപ്പാദനം നേടുന്നതിനായി ഏതെല്ലാം മേഖലകളിൽ ഉള്ളവരെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) നിലവിൽ ക്ഷീരകാർഷികവൃത്തി നടത്തുന്നവരും പുതുതായി ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്ന വരെയുമാണ് സ്വയം പര്യാപ്തതയ്ക്കായി ലക്ഷ്യമിട്ട പാലുല്പാദനം നേടുന്നതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ തൽപരരായ സ്വയം തൊഴിൽ സംരംഭകർ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ (സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്) എന്നിവരെയും പ്രയോജനപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ